പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1568

3.5.2017 ൽ
മറുപടിക്ക്

## ഇരിങ്ങാലക്കുട എസ്.ഐ ആയിരുന്ന എം.ജെ. ജിജോയുടെ വസതി ആക്രമണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) ഇരിങ്ങാലക്കുട എസ്.ഐ. ആയിരുന്ന എം.ജെ. ജിജോയുടെ വെറ്റിലപ്പാറയിലുള്ള വസതി മൂർക്കനാട് സംഭവത്തെ തുടർന്ന് ആക്രമിക്കുകയും, ജിജോയുടെ സഹോദരനും, സിവിൽ പോലീസ് ഓഫീസറുമായ ലിജോയുടെ ബൈക്ക് കത്തിക്കുകയും ചെയ്ത കേസ്സിൽ ഗൂഢാലോചനയിൽ ഏർപ്പെട്ടവരെയടക്കം മുഴുവൻ പ്രതികൾക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിലെ എസ്.ഐ. ആയിരുന്ന എം.ജെ. ജിജോയുടെ വെറ്റിലപ്പാറയിലുള്ള വസതിയിൽ നിർത്തിയിട്ടിരുന്ന ബൈക്ക് കത്തിച്ച സംഭവത്തോടനുബന്ധിച്ച കേസിൽ ഉൾപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്ത് ബഹു. ചാലക്കുടി ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| ബി) ലിജോയുടെ കത്തി നശിച്ച ബൈക്കിനു പകരം പുതിയ ബൈക്ക് അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ട് വർഷങ്ങൾ പിന്നിട്ടിട്ടും ആയത് നടപ്പാക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) യും (സി) യും ലിജോയുടെ കത്തി നശിച്ച ബൈക്കിനു പകരം ബൈക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബൈക്കിനു നൽകേണ്ട തുക നിശ്ചയിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) ഇദ്ദേഹത്തിന് ബൈക്ക് അനുവദിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ